# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.3946 | | | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.മഞ്ഞളാംകുഴി അലി | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ടായിട്ടുണ്ട്. 2015 ഏപ്രിൽ മാസം മുതൽ ഡിബിടി സംവിധാനത്തിലൂടെ അതത് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിതരണം ചെയ്തതിന് ശേഷമുള്ള മാസങ്ങളിലെ പെൻഷൻ കുടിശ്ശികയായി. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകാല പ്രാബല്യത്തിൽ പെൻഷനുകൾ അനുവദിച്ചതിനാലും കുടിശ്ശിക ഉണ്ടായിട്ടുണ്ട്. |
| (സി) | സർവ്വീസ് പെൻഷനെന്ന പോലെ ക്ഷേമ പെൻഷനുകളും അതാതു മാസം ആദ്യ ആഴ്ചയിൽത്തന്നെ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ